## കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് –സാംഖ്യ-പഞ്ചായത്ത്/നഗര സഭ-2012 മാർച്ച് അവസാന ദിവസങ്ങളിലെ ഇടപാടുകൾ സാംഖ്യയിൽ രേഖപ്പെടുത്തുന്നതു സംബന്ധിച്ച ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## തദ്ദേശ സ്വയം ഭരണ (എഎ)വകുപ്പ്

സ.ഉ. (എം.എസ്) നം.88/2012/തസ്വഭവ          തീയതി, തിരുവനന്തപുരം, 30 മാർച്ച് 2012

---

പരാമർശം :- 1. 2010 ഡിസംബർ 23 ലെ ജി.ഒ.(എം.എസ്) 308/2010/എൽ. എസ്. ജി.ഡി. നമ്പർ സർക്കാർ ഉത്തരവ്

2.2011 മാർച്ച് 28 ലെ ജി.ഒ.(എം.എസ്) 83/2011/എൽ.എസ്. ജി.ഡി. നമ്പർ സർക്കാർ വിജ്ഞാപനം

### <u>ഉത്തരവ്</u>

2011-12 മുതൽ സംസ്ഥാനത്തെ ത്രിതല പഞ്ചായത്തുകളിലെ അക്കൗണ്ടിംഗ്, ഇൻഫർമേഷൻ ' കേരള മിഷൻ വികസിപ്പിച്ച സാംഖ്യ - അക്രുവൽ അടിസ്ഥാനമാക്കിയ ഡബിൾ എൻട്രി അക്കൗണ്ടിംഗ് ആപ്ലിക്കേഷൻ ഉപയോഗിച്ചായിരിക്കണം നിർവ്വഹിക്കേണ്ടതെന്ന് പരാമർശം 1 ലെ സർക്കാർ ഉത്തരവ് അനുശാസിക്കുന്നു. പരാമർശം 2 ലെ വിജ്ഞാപന പ്രകാരം പുറപ്പെടുവിച്ച 2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ പ്രകാരം 2011 ഏപ്രിൽ 1 മുതൽ ത്രിതല പഞ്ചായത്തുകളിൽ അക്രുവൽ അടിസ്ഥാനമാക്കിയ ഡബിൾ എൻട്രി അക്കൗണ്ടിംഗ് സംവിധാനം നിലവിൽ വന്നു.

2. 2011-12 ലെ കാഷ്/ബാങ്ക് സംബന്ധമായ അക്കൗണ്ടിംഗ് ഇടപാടുകൾ 2012 മാർച്ച് 31 ന് അവസാനിക്കുകയാണ്.

3. മാർച്ച് 31 അർദ്ധ രാത്രി വരെ ട്രഷറികൾ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ ഒരു പക്ഷേ ഈ സാമ്പത്തിക വർഷത്തെ എല്ലാ ഇടപാടുകളും പഞ്ചായത്തുകൾക്കും നഗരസഭകൾക്കും സാംഖ്യയിൽ മാർച്ച് 31 നകം രേഖപ്പെടുത്താൻ കഴിയാതെ വന്നേക്കാം. ഇതു സംബന്ധമായ ചില ക്രമീകരണങ്ങൾ ആവശ്യമാണെന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിരിക്കുന്നു. അതോടൊപ്പം തന്നെ പിരിച്ചെടുക്കുന്ന കാഷ് അതേ ദിവസം തന്നെ സാംഖ്യയിൽ രേഖപ്പെടുത്തേണ്ട ആവശ്യം സംബന്ധിച്ചും വ്യക്തത കൈവരണമെന്ന് സർക്കാർ ആഗ്രഹിക്കുന്നു.

4. ഇക്കാര്യം സർക്കാർ വിശദമായി പരിശോധിക്കുകയും തുടർന്ന് താഴെപ്പറയുന്ന ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യുന്നു.

5. ഏത് ദിവസം കാഷ് / ചെക്ക് /ഡി.ഡി പഞ്ചായത്തിൽ /നഗരസഭയിൽ ലഭിക്കുന്നുവോ അതേ ദിവസം തന്നെ സാംഖ്യയിൽ രസീത് രേഖപ്പെടുത്തേണ്ടതാണ്. 2012 ഏപ്രിൽ മാസത്തിലോ തുടർന്നുള്ള മാസങ്ങളിലോ ലഭിക്കുന്ന തുകകൾ 2012 മാർച്ച് 31 എന്ന തീയതിക്കോ അതിനു മുമ്പുള്ള തീയതിക്കോ സാംഖ്യയിൽ രേഖപ്പെടുത്തുന്നത് നിയമ വിരുദ്ധമാണ്. എന്നാൽ ട്രഷറിയുമായി ബന്ധപ്പെട്ടും മറ്റും 2012 മാർച്ച് 31 നോ അതിനു മുമ്പോ നടന്ന ഇടപാടുകളും, ഡിപ്രീസിയേഷൻ, പ്രൊവിഷൻ തുടങ്ങിയ ക്രമീകരണങ്ങളും 2011-12 സാമ്പത്തിക വർഷത്തെ അക്കൗണ്ടിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇതു സംബന്ധിച്ച വിശദമായ മാർഗ്ഗ നിർ ദ്ദേശങ്ങൾ അനുബന്ധമായി ചേർക്കുന്നു. ഇതിനാവശ്യമായ ക്രമീകരണങ്ങൾ ഇൻഫർമേഷൻ കേരള മിഷൻ സജ്ജമാക്കുന്നതാണ്.

6. മാർഗ്ഗ നിർ ദ്ദേശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ജയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

To

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമ വികസന കമ്മീഷണർ, തിരുവനന്തപുരം
നഗര കാര്യ ഡയറക്ടർ തിരുവനന്തപുരം
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ് ഡിപ്പാർട്ട് മെന്റ്, തിരുവനന്തപുരം
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്) കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എൽബിഎ) കേരള, തിരുവനന്തപുരം
ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ,
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
എല്ലാ കോർപ്പറേഷൻ/മുനിസിപ്പാലിറ്റി സെക്രട്ടറിമാർക്കും
എല്ലാ ജില്ല/ബ്ലോക്ക്/ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# സാംഖ്യ-പഞ്ചായത്ത്/നഗരസഭ - മാർഗ്ഗ നിർ ദ്ദേശങ്ങൾ

## 2012 മാർച്ച് അവസാന ദിവസങ്ങളിലെ ഇടപാടുകൾ സാംഖ്യയിൽ രേഖപ്പെടുത്തൽ

മാർച്ച് 31 അർദ്ധ രാത്രി വരെ ട്രഷറികൾ പ്രവർത്തിക്കുന്ന സാഹചര്യത്തിൽ ഒരു പക്ഷെ ഈ സാമ്പത്തിക വർഷത്തെ എല്ലാ ഇടപാടുകളും പഞ്ചായത്തുകൾക്കും നഗരസഭകൾക്കും സാംഖ്യയിൽ മാർച്ച് 31 നകം രേഖപ്പെടുത്താൻ കഴിയാതെ വന്നേക്കാം മുൻ വർഷങ്ങളിൽ മാന്വൽ രീതിയിലുള്ള ക്യാഷ് ബുക്കിൽ ഈ ഇടപാടുകൾ മാർച്ച് 31 എന്ന തീയ്യതി വെച്ച് പിന്നീട് എഴുതിച്ചേർക്കുകയായിരുന്നു പതിവ്. കമ്പ്യൂട്ടർവൽകൃത സാഹചര്യത്തിൽ ഈ ഇടപാടുകൾ 2011-12 ലെ അക്കൗണ്ടിൽ ഉൾ പ്പെടുത്താനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ബാങ്കിൽ നിന്നുള്ള ഡി.ഡി.ഏപ്രിൽ മാസത്തിലായിരിക്കാം ലഭിക്കുന്നത്. ഇതിനായി 2012 ഏപ്രിൽ 1 മുതൽ മേയ് 15 വരെ സാംഖ്യയിൽ **Past Data Entry Mode** ലഭ്യമായിരിക്കും. ഈ **PDE Mode** ഉപയോഗിച്ച് താഴെ പറയുന്ന കാര്യങ്ങൾ സാംഖ്യയിൽ രേഖപ്പെടുത്താവുന്നതാണ്.

## PDE Mode ൽ രേഖപ്പെടുത്താവുന്ന കാര്യങ്ങൾ

1. **Payment Orders Pending**
2. **Payments Pending**
3. **Letter of Authority received**
4. **Letter of Allotment received**
5. **Requisition from Implementing Officers**
6. **Allotments to Implementing Officers**
7. **Payment Orders on the basis of Statements of Expenditure received from Implementing Officers.**
8. **Bank Reconciliation**
9. **Panchayat-Opening Receipts & Payment Module**
10. **Receipts Relating to B Fund**
11. **Contra Entries**
12. **Journal Entries**
13. **Reverse Entries**
14. **Payment Order Cancellations**
15. **Direct Credit/Debit to Bank**
16. **Interrupted Receipts**
17. **Receipt Cancellation**

## PDE Mode ലെ Cash Receipts/Payments

ബാങ്കിംഗ്/നോൺ ബാങ്കിംഗ് ട്രഷറിയുമായി ബന്ധപ്പെട്ട ലഭിക്കുന്ന B Fund സംബന്ധിച്ച Cash Receipts ഉം Cash Payment ഉം നോൺ ബാങ്കിംഗ് ട്രഷറിയിൽ നിന്ന് ലഭിക്കുന്ന തുകകൾക്കുള്ള Cash Receipts ഉം Accountant ന്റെ ലോഗിൻ വഴിയാണ് രേഖപ്പെടുത്തേണ്ടത്. PDE Mode ൽ കാഷ്യറുടെ ലോഗിനിൽ interrupted receipts ൽ മാത്രമേ രേഖപ്പെടുത്താനാവൂ.

## 2011-12 ന്റെ കണക്കിൽ ഉൾപ്പെടുത്തേണ്ട Cash/Cheque Receipts and Payments

മേൽ സൂചിപ്പിച്ചവ ഒഴികെയുള്ള എല്ലാ Cash/Cheque Receipts ന്റെയും Payments ന്റെയും കാര്യത്തിൽ 2012 മാർച്ച് 31 വരെ സാംഖ്യയിൽ രേഖപ്പെടുത്തിയവ മാത്രമേ 2011-12 ലെ കണക്കിൽ ഉൾപ്പെടുത്തൂ.

Out Door Collection മാർച്ച് 31 ന് തന്നെ അടച്ച് Receipt വാങ്ങേണ്ടതാണ്.

നഗരസഭകളുടെ കാര്യത്തിൽ, Zonal Office ഉം Main Office ഉം തമ്മിൽ Connectivity ഉണ്ടെങ്കിൽ Main Office Cash പ്രവർത്തിക്കുന്ന സമയം വരെ മാർച്ച് 31 ന് Zonal Office ൽ പണം സ്വീകരിക്കാവുന്നതാണ്. Connectivity ഇല്ലെങ്കിൽ മാർച്ച് 31 ന് Main Office Cash close ചെയ്യുന്നതിനു മുമ്പ് Zonal Office Collection Main Office ൽ അടച്ചോ അല്ലെങ്കിൽ Bank ൽ അടച്ച് Head wise Consolidation Main Office ൽ എത്തിച്ചോ സാംഖ്യയിൽ Receipt രേഖപ്പെടുത്തേണ്ടതാണ്.

## പ്രത്യേക രജിസ്റ്റർ സൂക്ഷിക്കുക

2012 മാർച്ച് 31 നകം രേഖപ്പെടുത്താൻ കഴിയാതെ പോയ 2011-12 ലെ ഇടപാടുകളാണല്ലോ PDE Mode ൽ രേഖപ്പെടുത്തേണ്ടത്. ഇവയുടെ വിവരം മാർച്ച് 31 കഴിഞ്ഞ ഉടൻ തന്നെ ഒരു പ്രത്യേക രജിസ്റ്ററിൽ ഇനം തിരിച്ച് രേഖപ്പെടുത്തണം. ഓരോ ഇടപാടും അതിന്റെ തുകയും വ്യക്തമായി രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിരിക്കണം. ഇത്തരം തുകകളാണ് സാംഖ്യയിൽ PDE Mode ൽ രേഖപ്പെടുത്തേണ്ടത്. ഈ രജിസ്റ്റർ തുടർന്നുള്ള പരിശോധനകൾക്കായി ഹാജരാക്കേണ്ടതാണ്.

ഡിപ്രീസിയേഷൻ, പ്രൊവിഷൻ, കാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസിനെ ആസ്തിയാക്കി മാറ്റൽ, ക്ലോസിംഗ് സ്റ്റോക്ക് തുടങ്ങിയുള്ള 2011-12 ന്റെ വർഷ്യാന്ത നടപടി ക്രമങ്ങളും (Year end process) 2012-13 ന്റെ വർഷാരംഭ നടപടി ക്രമങ്ങളും (Year beginning process) വിവരിച്ചു കൊണ്ടുള്ള മാർഗ്ഗ നിർ ദ്ദേശങ്ങൾ 2012 ഏപ്രിൽ ആദ്യം പ്രസിദ്ധീകരിക്കുന്നതാണ്.